(ബി) തിരുവനന്തപുരം നഗരത്തിൽ 300 കി.മീ. 11 കെ.വി. കേബിൾ സ്ഥാപിക്കുകയും അവ റിംഗ് മെയിൻ യൂണിറ്റുകളുമായി ബന്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽ 89 എണ്ണം കൺട്രോൾ റൂമിൽ നിന്നും പ്രവർത്തിപ്പിക്കത്തക്ക വിധം ആട്ടോമേഷൻ നടത്തിയിട്ടുണ്ട്. കൂടാതെ, നഗരത്തിലെ 21 സെക്ഷനുകളിലെ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് 7 മൊബൈൽ യൂണിറ്റുകളും അവയുടെ നിയന്ത്രണത്തിനായി ട്രബിൾ കോൾ മാനേജ്മെന്റ് സിസ്റ്റവും പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ, ഇപ്പോഴുള്ള 11 കെ.വി./എൽ.ടി. വിതരണ ശൃംഖല നവീകരിക്കുന്നതിനും ഡിസ്ട്രിബ്യൂഷൻ ആട്ടോമേഷൻ പൂർണ്ണ രീതിയിൽ ആധുനികവൽക്കരിക്കുന്നതിനും 139.85 കോടി രൂപയുടെ (കേന്ദ്ര ഗവൺമെന്റിന്റെ സഹായമുള്ള) ഊർജ്ജിത ഊർജ്ജ വികസന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ വൈദ്യുതി ശൃംഖല ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഊർജ്ജിത ഊർജ്ജ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, നെടുമങ്ങാട്, നെയ്യാറ്റിൻകര, ആറ്റിങ്ങൽ, വർക്കല എന്നീ പ്രദേശങ്ങൾക്കായി 46 കോടി രൂപയുടെ പദ്ധതിയും നടപ്പിലാക്കി വരുന്നു.

ഇലക്ട്രിസിറ്റി ബോർഡിലെ ജീവനക്കാർക്ക് സഹായം

75 [1195] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡ്യൂട്ടിക്കിടയിൽ അപകട മരണവും ഗുരുതരമായ പരിക്കും പറ്റുന്ന ഇലക്ട്രിസിറ്റി ബോർഡിലെ ജീവനക്കാർക്ക് ഏതെല്ലാം വിധത്തിലുള്ള സഹായമാണ് നൽകിവരുന്നത് ;

(ബി) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ വൈദ്യുതി ബോർഡിലെ എത്ര ജീവനക്കാർ കർത്തവ്യനിർവ്വഹണത്തിനിടയിൽ മരണപ്പെടുകയുണ്ടായി ; ഇവരുടെ ഗ്രേഡ് തിരിച്ചുള്ള പേരുകൾ വെളിപ്പെടുത്താമോ ;

(സി) ഇവരുടെ ആശ്രിതർക്ക് എന്തെല്ലാം സഹായങ്ങൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ, സി) ഡ്യൂട്ടിക്കിടയിൽ അപകട മരണവും ഗുരുതരമായ പരിക്കും പറ്റുന്ന ജീവനക്കാരുടെ ആശ്രിതർക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമനുസരിച്ച് അർഹമായ നഷ്ടപരിഹാരത്തിന് പുറമെ ബോർഡിന്റെ വെൽഫെയർ ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപയും നൽകി വരുന്നു. കൂടാതെ മരണപ്പെടുന്നവരുടെ ആശ്രിതരിൽ ഒരാൾക്ക് ആശ്രിത നിയമനവും നൽകി വരുന്നുണ്ട്. ജോലിക്കിടയിൽ ഗുരുതരമായ പരിക്ക് പറ്റുന്നവർക്ക് നഷ്ടപരിഹാരത്തിനുപുറമേ ചികിത്സയ്ക്ക് ചെലവാകുന്ന മുഴുവൻ തുകയും ബോർഡ് നൽകി വരുന്നുണ്ട്.

(ബി) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 62 പേർ ഡ്യൂട്ടിക്കിടയിൽ അപകടംമൂലം മരണപ്പെട്ടിട്ടുണ്ട്. ഇവരുടെ ഗ്രേഡ് തിരിച്ചുള്ള പേരു വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly